# കേരള സർവകലാശാല

നം.പി.ആർ.18/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പരീക്ഷാകേന്ദ്രം

പിനാക്കിൾ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, അഞ്ചൽ (സെന്റർ നം. 266) നിലവിൽ പരീക്ഷാ കേന്ദ്രമല്ലാത്ത സാഹചര്യത്തിൽ അവിടെ സെന്ററായി ബി.ടെക് സപ്ലിമെന്ററി പരീക്ഷയ്ക്ക് (2019 ജനുവരി 29 മുതൽ നടത്തുന്ന) രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ വിദ്യാ അക്കാഡമി ഓഫ് സയൻസ് & ടെക്നോളജി മലക്കൽ, കിളിമാനൂരിൽ നിന്നും ഹാൾ ടിക്കറ്റ് കൈപ്പറ്റി അതേ സെന്ററിൽ പരീക്ഷ എഴുതേണ്ടതാണ്.

### ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താം

ബി.ടെക് ഡിഗ്രി കോഴ്സ് (2013 അഡ്മിഷൻ) നേടി അഞ്ച് വർഷം പൂർത്തിയാക്കിയ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ഈവൻ (even) സെമസ്റ്ററുകളുടെ ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് അവസരം നൽകുന്നതാണ്. സർവകലാശാലയുടെ കീഴിൽ റെഗുലർ കോഴ്സ് ഇല്ലാത്തതിനാൽ പഠിച്ച കോളേജിലെ പ്രിൻസിപ്പാൾ റെഗുലർ ഫാക്കൽറ്റിയെ ഇതിനായി വിനിയോഗിച്ച് കോഴ്സിലെ ആവശ്യകത അനുസരിച്ച് ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താവുന്നതാണ്. ഒരു സെമസ്റ്ററിൽ ഒരു പ്രാവശ്യം മാത്രമേ അപേക്ഷ നൽകാൻ സാധിക്കുകയുള്ളൂ. അപേക്ഷയോടൊപ്പം 700 രൂപ ഫീസ് ഓരോ സെമസ്റ്ററിനും അടയ്ക്കേണ്ടതാണ്. അപേക്ഷ നൽകാനുള്ള അവസാന തീയതി 2019 ഫെബ്രുവരി 21. അപേക്ഷയുടെ പകർപ്പും വിശദവിവരങ്ങളും വെബ്സൈറ്റിൽ. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

### പരീക്ഷാഫലം

2018 നവംബറിൽ നടത്തിയ എം.ഫിൽ കെമിസ്ട്രി (സി.എസ്.എസ്)(2017–2018) കെമിസ്ട്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

### കെ മാറ്റ് പരീക്ഷ

കേരളത്തിലെ എല്ലാ സർവകലാശാലകളിലേക്കും, സർവകലാശാലകളുടെ കീഴിലുള്ള കോളേജുകളിലേക്കും 2019 ലെ എം.ബി.എ പ്രവേശനത്തിന് അർഹത നേടുന്നതിനുള്ള പ്രവേശന പരീക്ഷയായ കെ മാറ്റ് കേരള, 2019 ഫെബ്രുവരി 17 ന് നടത്തുന്നതാണ്. അപേക്ഷകൾ 2019 ജനുവരി 31 വൈകുന്നേരം 5 മണിക്ക് മുമ്പായി ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷാഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനും kmatkerala.in എന്ന വെബ്സൈറ്റിലും 0471–2335133, 8547255133 എന്നീ നമ്പറുകളിലും ലഭ്യമാണ്.

തിരുവനന്തപുരം.
25.01.2019



പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**